## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2201      18/07/2016 ൽ മറുപടിക്ക്

## പട്ടയം പോക്കുവരവ് ചെയ്ത് നൽകാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര താലൂക്കിൽ ഇരുമ്പിൽ ദേശത്ത് ചിത്രവിള പുത്തൻവീട്ടിൽ ഗോപാലൻ നാടാർ, മക്കളുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകിയ പുരയിടം നെയ്യാറ്റിൻകര വില്ലേജ് ഓഫീസിൽ പട്ടയം പിടിച്ച് പോക്കുവരവ് ചെയ്ത് നൽകാത്തതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ ; | (എ) ശ്രീ. ഗോപാലൻ നാടാരുടെ മക്കളായ പ്രസാദ് ഷിബു, പ്രദീപ് എന്നിവർക്ക് റീസർവ്വേ 69/15 ൽ ഉൾപ്പെട്ട വസ്തു 448/2014, 447/2014, 446/2014 എന്നീ ധനനിശ്ചയാധാരങ്ങൾ പ്രകാരം സിദ്ധിച്ചത് പോക്കുവരവ് ചെയ്തു ലഭിക്കുന്നതിലേയ്ക്കായി നെയ്യാറ്റിൻകര വില്ലേജാഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പോക്കുവരവ് നടപടികൾക്കെതിരെ തർക്കം ഉന്നയിച്ചുകൊണ്ട് ശ്രീ. യോഹന്നാൻ നാടാർ എന്ന കക്ഷി വില്ലേജാഫീസർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ അവകാശത്തർക്കം നിലനിൽക്കുന്ന സാഹചര്യത്തിൽ പോക്കുവരവ് അപേക്ഷയിന്മേൽ തുടർ നടപടികൾ നെയ്യാറ്റിൻകര വില്ലേജാഫീസിൽ സ്വീകരിച്ചു വരുന്നു. |
| (ബി) എങ്കിൽ ഇതു സംബന്ധിച്ച് ടിയാൻ നെയ്യാറ്റിൻകര താലൂക്ക് ഓഫീസിൽ ജി2/9759/16-ാം നമ്പർ ആയി സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുമോ? | (ബി) നെയ്യാറ്റിൻകര താലൂക്ക് ഓഫീസിൽ ജി2/9759/16-ാം നമ്പർ ആയി ശ്രീ.ഗോപാലൻ നാടാർ സമർപ്പിച്ച അപേക്ഷയിൽ കേരള ഹൈക്കോടതിയുടെ ഡബ്ളിയൂ. പി. (സി) 4936/2013 നമ്പർ കേസിന്മേലുള്ള 25/02/2016 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിനും ടി നടപടികൾക്കു ശേഷം ടി കക്ഷി മക്കൾക്ക് ആധാരം ചെയ്തു നൽകിയ വസ്തു പോക്കുവരവ് ചെയ്തു നൽകുവാനുമാണ് അപേക്ഷിച്ചിരിക്കുന്നത്. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ താലൂക്ക് സർവെയർ 11/07/2016 ന് അതിർത്തി പോയിന്റുകൾ നിർണ്ണയിച്ചിട്ടുണ്ട്. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോക്കുവരവ് ചെയ്യുന്നതിന് നിയമോപദേശം ആവശ്യമുള്ളതിനാൽ നിയമോപദേശം ലഭ്യമാക്കി ടിയാന്റെ അപേക്ഷയിൽ അഡീഷണൽ തഹസീൽദാർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ